## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2140** **03-03-2025 - ൽ മറുപടിയ്ക്ക്**

### എം.എം.ആർ. വാക്സിനേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കുള്ള വാക്സിനേഷന്റെ ഭാഗമായി ഏതെല്ലാം രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ഏതെല്ലാം കുത്തി വയ്പ്പുകളാണ് നിലവിൽ സൗജന്യമായി നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | |

| വാക്സിൻ | **പ്രതിരോധ രോഗങ്ങൾ** |
|---|---|
| ബി സി ജി വാക്സിൻ | ട്യൂബർക്കുലോസിസ് |
| ഓറൽ പോളിയോ വാക്സിൻ (ഓ പി വി ) | പോളിയോ (പോളിയോ മൈലിറ്റിസ് ) |
| ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ (hep b ) | ഹെപ്പറ്റൈറ്റിസ് ബി |
| പെന്റാവാലന്റ് വാക്സിൻ | ഡിഫ്ത്തീരിയ ,പെർട്ടുസിസ് (വില്ലിൻ ചുമ ), ടെറ്റനസ്, ഹെപ്പറ്റൈറ്റിസ് ബി, ഹീമോഫിലസ് ഇൻഫ്ലുവെൻസ ടൈപ്പ് ബി |
| ഇനാക്ടിവേറ്റഡ് പോളിയോ വാക്സിൻ (IPV ) | പോളിയോ |
| റോട്ടാവൈറസ് വാക്സിൻ | റോട്ടാവൈറസ് ഉണ്ടാക്കുന്ന വയറിളക്ക രോഗം |
| പി സി വി വാക്സിൻ | ന്യൂമോകോക്കൽ ന്യൂമോണിയ |
| ജാപ്പനീസ് എൻസഫലൈറ്റിസ് വാക്സിൻ (J E )<br><br>ആലപ്പുഴ തിരുവനന്തപുരം ജില്ലകളിൽ | ജാപ്പനീസ് എൻസഫലൈറ്റിസ് |
| ഡിഫ്ത്തീരിയ, പെർട്ടുസിസ്, ടെറ്റനസ്(DPT) വാക്സിൻ | ഡിഫ്ത്തീരിയ ,പെർട്ടുസിസ് (വില്ലിൻ ചുമ), ടെറ്റനസ് |
| മീസിൽസ് , റൂബെല്ല (MR )വാക്സിൻ | മീസിൽസ് , റൂബെല്ല |

| | | | |
|---|---|---|---|
| | | | T d വാക്സിൻ — ഡിഫ്ത്തീരിയ, ടെറ്റനസ് |
| (ബി) | കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം എം. എം. ആർ. വാക്സിനേഷൻ നിലവിൽ നിർത്തി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതലാണ് ഇത് നിർത്തലാക്കിയത്; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമാണ് കുട്ടികൾക്കുള്ള ഇമ്മ്യൂണിസഷൻ നടപ്പിലാക്കുന്നത്. പ്രസ്തുത പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സൗജന്യമായാണ് നൽകുന്നത്.<br><br>ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ 2017 വരെ മീസിൽസ് വാക്സിൻ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>എന്നാൽ റുബെല്ലാ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യതിനാൽ സംസ്ഥാന സർക്കാർ ചുരുങ്ങിയ കാലയളവിൽ MMR (മീസിൽസ്, റുബെല്ല, മംമ്പ്സ്) വാക്സിൻ, രണ്ടാം ഡോസ് മീസിൽസ് വാക്സിന് പകരമായി 2017 വരെ ഏതാനും വർഷങ്ങളിൽ നൽകിയിരുന്നു.<br><br>2017 ൽ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം രണ്ടു ഡോസ് MR (മീസിൽസ്, റൂബെല്ല) വാക്സിൻ ഉൾപ്പെടുത്തി. തുടർന്ന് സംസ്ഥാനത്ത് ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകളാണ് നൽകിവരുന്നത്. |
| (സി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എം. എം. ആർ. വാക്സിൻ ലഭ്യമാണോ; അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികളിൽ എം. എം. ആർ. വാക്സിൻ ലഭ്യമാണ്. |
| (ഡി) | എം. എം. ആർ. വാക്സിൻ നിലവിൽ നൽകാത്ത വിവരം പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ആവശ്യമെങ്കിൽ മറ്റ് മാർഗ്ഗങ്ങളിൽ എടുക്കാനും കഴിയുന്ന തരത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്താറുണ്ടോ; വിശദമാക്കാമോ? | (ഡി) | കഴിഞ്ഞ ഏതാനും മാസങ്ങളായി സംസ്ഥാനത്ത് മംപ് സ് (മുണ്ടിനീര്) കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യതിനാൽ MMR (മീസിൽസ്, റുബെല്ല, മംപ്സ്) വാക്സിൻ, ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രാലയത്തിനു കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ